# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1440.** 30..9..2011-ൽ മറുപടിക്ക്

## അന്യസംസ്ഥാന പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ ഇറക്കുമതി ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നും സെപ്തംബർ 1 മുതൽ 11 വരെയുള്ള കാലയളവിൽ 66,92,019 ലിറ്റർ പാൽ ഇറക്കുമതി ചെയ്തു. |
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങളുടെ അപര്യാപ്തത ഉണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) ഇല്ല; അന്യ സംസ്ഥാനത്ത് നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ മിൽമയുടെ 13 ഡയറികളിലും പര്യാപ്തമായ സംവിധാനമുണ്ട്. ഇതിനുപുറമെ, മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടയ്ക്കിടയ്ക്ക് പരിശോധന നടത്താറുണ്ട്. ഓണക്കാലത്ത് പാറശ്ശാല (തിരുവനന്തപുരം), ആര്യങ്കാവ് (കൊല്ലം), കുമിളി (ഇടുക്കി), വാളയാർ, മീനാക്ഷിപുരം (പാലക്കാട്) എന്നിവിടങ്ങളിൽ താത്ക്കാലിക ലബോറട്ടറികൾ സ്ഥാപിച്ച് ക്ഷീര വികസന വകുപ്പ് പാൽഗുണനിലവാര പരിശോധന നടത്തുന്നു. ക്ഷീരസംഘങ്ങളിൽ നിന്നും മിൽമ സംഭരിക്കുന്ന പാൽ ക്ഷീര സംഘങ്ങളിലും പിന്നീട് ഡയറികളിലും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ സീൽഡ് ടാങ്കറുകളിൽ എത്തിച്ച് വീണ്ടും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി സംസ്ക്കരിച്ച ശേഷമാണ് വിതരണം ചെയ്യുന്നത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലും പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.